## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 240

30.11.2015-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റ് ചെയ്തു ; എസ്.സി, എസ്.ടി, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | 4,583 പരാതികൾ ലഭിച്ചു.<br>4,189 കേസ്സുകൾ രജിസ്റ്റർ ചെയ്തു.<br>3,276 പേരെ അറസ്റ്റു ചെയ്തു.<br>എസ്.സി/എസ്.ടി, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ കൊല്ലപ്പെടുകയുണ്ടായി ; എസ്.സി, എസ്.ടി, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 49 പേർ കൊല്ലപ്പെടുകയുണ്ടായി. എസ്.സി/എസ്.ടി, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെടുകയുണ്ടായി ; വർഷം, ജില്ല, പോലീസ് സ്റ്റേഷന്റെ പേര്, കൊല്ലപ്പെട്ടയാളിന്റെ പേര് എന്നിവ വിശദമാക്കുമോ ; | (സി) | ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ട ആരും തന്നെ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ട എത്ര പേരെ വിവിധ കുറ്റങ്ങളുടെ പേരിൽ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട് ; വിട്ടയച്ചശേഷം ഇതിൽ എത്ര പേർ ആത്മഹത്യ ചെയ്യുകയോ ആശുപത്രിയിൽ മരിക്കുകയോ ചെയ്തിട്ടുണ്ട് ; വർഷം, ജില്ല, പോലീസ് സ്റ്റേഷൻ , മരിച്ചയാളിന്റെ പേര് എന്നിവ വ്യക്തമാക്കുമോ; | (ഡി) | 1,814 പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. വിട്ടയച്ച ശേഷം ഇതിൽ ആരും ആത്മഹത്യ ചെയ്തിട്ടില്ല. പിന്നീട് ആശുപത്രിയിൽ ഒരാൾ മരിച്ചിട്ടുണ്ട്. 11.07.2015 ൽ കോട്ടയം ജില്ലയിൽ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 528/2015-ാം നമ്പർ കേസിൽ സിബി @ പാപ്പച്ചൻ എന്നയാൾ പോലീസ് കസ്റ്റഡിയിൽ നിന്നും ജാമ്യത്തിൽ വിട്ടയച്ച ശേഷം ആശുപത്രിയിൽ മരണപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഈ കാലയളവിൽ എസ്.സി, എസ്.ടി വിഭാഗങ്ങളോടുള്ള അതിക്രമത്തിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ? | (ഇ) | 7 പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്